## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3255

24.06.2013 -ൽ മറുപടി
നൽകേണ്ടിയിരുന്നത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | |
|---|---|---|
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിലായി ആകെ എത്ര ജീവനക്കാരുണ്ട്;<br><br>(ബി) സംസ്ഥാനത്തെ മറ്റ് കോർപ്പറേഷൻ, ബോർഡുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരുണ്ട്; | (എ) & (ബി) | പ്രസ്തുത കാലയളവിൽ വിവിധ പൊതുമേഖലാ/മറ്റ് സ്ഥാപനങ്ങളിലായി വിവിധ തസ്തികകളിലായി 1,30,304 ജീവനക്കാർ ഉണ്ടായിരുന്നു. |
| (സി) മേല്പറഞ്ഞ സ്ഥാപനങ്ങളിൽ പട്ടികജാതി-വർഗ്ഗ പിന്നോക്ക സമുദായങ്ങളിൽപ്പെട്ട എത്ര പേർ ജോലി ചെയ്യുന്നു; | (സി) | ലഭ്യമായ കണക്കനുസരിച്ച് 23,367 ജീവനക്കാർ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്നു. |

(ഡി) ഏതെങ്കിലും സ്ഥാപനങ്ങളിൽ സംവരണ നിയമാനുസരണമുള്ള ഒഴിവുകൾ നികത്താതെ ഉണ്ടെങ്കിൽ അവ എത്രയെണ്ണമുണ്ടെന്നും, അവ നികത്താതിരിക്കാനുള്ള കാരണങ്ങളും വ്യക്തമാക്കുമോ;

ഇ) ഈ സ്ഥാപനങ്ങളിലെല്ലാം പട്ടികജാതി - വർഗ്ഗ സംവരണം ഉറപ്പാക്കുവാനും നിയമനങ്ങളിൽ പ്രസ്തുത വിഭാഗങ്ങളുടെ പ്രാതിനിധ്യം പൂർണ്ണമായും ഉറപ്പുവരുത്താനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിയമനം പി.എസ്.സി ക്ക് വിട്ടിട്ടുള്ള സ്ഥാപനങ്ങളിൽ സംവരണാടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളും സംവരണതത്വം പാലിക്കപ്പെടുന്നുണ്ട്. ജീവനക്കാർ വിരമിച്ചതിനെ തുടർന്നുണ്ടാകുന്ന ഒഴിവുകൾ

(ഡി) & (ഇ) താമസംവിനാ സംവരണ തത്വങ്ങൾ പാലിച്ച് നികത്താറുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് അവിടെ നിന്നും സമർപ്പിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടിക വർഗ്ഗ പ്രാതിനിധ്യ അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും അവ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കും അയച്ചു കൊടുക്കുകയും പ്രാതിനിധ്യക്കുറവുണ്ടെങ്കിൽ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകാറുമുണ്ട്. അവ പി.എസ്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയോ NCA വിജ്ഞാപനം വഴിയോ നികത്താറുമുണ്ട്.

**സെക്ഷൻ ഓഫീസർ**